**മധുരമായ കുട്ടികളേ- ശരീരസഹിതം എന്തെല്ലാം കാണുന്നുവോ, അതെല്ലാം വിനാശമാകാനുള്ളതാണ്, നിങ്ങൾ ആത്മാക്കൾക്ക് ഇപ്പോൾ വീട്ടിലേക്ക് തിരിച്ചുപോകണം, അതുകൊണ്ട് പഴയ ലോകത്തെ മറക്കൂ.**

**ചോദ്യം -** നിങ്ങൾ കുട്ടികൾക്ക് ഏത് വാക്കുകൾ കൊണ്ട് എല്ലാവർക്കും ബാബയുടെ സന്ദേശം കേൾപ്പിക്കാൻ കഴിയും?
**ഉത്തരം -** എല്ലാവരോടും പറയൂ, പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്. ഇപ്പോൾ പരിധിയുള്ള സമ്പത്തിന്റെ സമയം പൂർത്തിയായിക്കഴിഞ്ഞു, അതായത് ഭക്തി പൂർത്തിയായി. ഇപ്പോൾ രാവണരാജ്യം അവസാനിക്കുകയാണ്. ബാബ വന്നിരിക്കുകയാണ് നിങ്ങളെ രാവണന്റെ അഞ്ച് വികാരങ്ങളാകുന്ന ജയിലിൽനിന്നും മോചിപ്പിക്കാൻ. ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇവിടെ പുരുഷാർത്ഥം ചെയ്ത് ദൈവീകഗുണമുള്ളവരായി മാറണം. കേവലം പുരുഷോത്തമസംഗമയുഗമാണെന്ന് മനസ്സിലാക്കിയാൽ തന്നെ സ്ഥിതി ശ്രേഷ്ഠമാക്കാൻ കഴിയും.

**ഓം ശാന്തി**. ഇപ്പോൾ ആത്മീയ കുട്ടികൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഒന്നിന്റെ മാത്രം ഓർമ്മയിലാണോ ഇരിക്കുന്നത്. ഒന്ന് ഏകദൈവാരാധന, രണ്ടാമത്തേത് ബഹുദൈവാരാധന. ഒന്നിന്റെ മാത്രം ഓർമ്മ അതായത് ഏകദൈവാരാധന എപ്പോൾ ആദ്യം ആരംഭിക്കുന്നുവോ അപ്പോൾ എല്ലാവരും ശിവന്റെ പൂജ ചെയ്യുന്നു. ഉയർന്നതിലും ഉയർന്ന ഭഗവാൻ ശിവനാണ്, ബാബ പിതാവുമാണ് ശിക്ഷകനുമാണ്. പഠിപ്പിക്കുകയാണ്. എന്താണ് പഠിപ്പിക്കുന്നത്? മനുഷ്യനെ ദേവതയാക്കി മാറ്റുകയാണ്. ദേവതയിൽനിന്നും മനുഷ്യനായി മാറാൻ നിങ്ങൾ കുട്ടികൾക്ക് 84 ജന്മം എടുക്കേണ്ടതായി വന്നു, എന്നാൽ മനുഷ്യനിൽനിന്നും ദേവതയായി മാറാൻ ഒരു സെക്കന്റു മതി. ഇത് കുട്ടികൾക്കറിയാം - നമ്മൾ ബാബയുടെ ഓർമ്മയിലാണ് ഇരിക്കുന്നത്. ബാബ നമ്മുടെ ടീച്ചറുമാണ്, സദ്ഗുരുവുമാണ്. ഒന്നിന്റെ മാത്രം ഓർമ്മയിലിരിക്കൂ എന്ന യോഗം പഠിപ്പിക്കുകയാണ്. ബാബ സ്വയം പറയുകയാണ്- അല്ലയോ ആത്മാക്കളേ, അല്ലയോ കുട്ടികളേ ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിക്കൂ, ഇപ്പോൾ തിരിച്ചുപോകണം. ഈ പഴയ ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇവിടെ ഇരിക്കേണ്ടതില്ല. പഴയ ലോകത്തിന്റെ വിനാശത്തിനുവേണ്ടിയാണ് ഈ വെടിക്കോപ്പുകളെല്ലാം ഉണ്ടാക്കിയിരിക്കുന്നത്. പ്രകൃതിക്ഷോഭവും സഹായിക്കും. തീർച്ചയായും വിനാശം ഉണ്ടാകും. നിങ്ങൾ പുരുഷോത്തമസംഗമയുഗത്തിലാണ്. ആത്മാക്കൾക്കറിയാം നമ്മൾ ഇപ്പോൾ തിരിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബാബ പറയുകയാണ് ഈ പഴയ ലോകത്തേയും, പഴയ ദേഹത്തെയും ഉപേക്ഷിക്കണം. ദേഹസഹിതം എന്തെല്ലാം ഈ ലോകത്തിൽ കാണുന്നുണ്ടോ, ഇതെല്ലാം വിനാശമാകാനുള്ളതാണ്. ശരീരവും ഇല്ലാതാകും. ഇപ്പോൾ നമ്മൾ ആത്മാക്കൾക്ക് വീട്ടിലേക്ക് മടങ്ങണം. തിരിച്ചുപോകാതെ പുതിയ ലോകത്തിലേക്ക് വരാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ പുരുഷോത്തമനായി മാറാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. പുരുഷോത്തമർ ഈ ദേവതകളാണ്. ഏറ്റവും ഉയർന്നതിലും ഉയർന്നത് നിരാകാരനായ ബാബയാണ്. മനുഷ്യസൃഷ്ടിയിലേക്ക് വരുമ്പോൾ ഇവിടെ ഉയർന്നത് ദേവതകളാണ്. ദേവതകളും മനുഷ്യരാണ് പക്ഷേ ദൈവീക ഗുണങ്ങളുള്ളവരാണ്. വീണ്ടും അവർ തന്നെ ആസുരീയ അവഗുണങ്ങളുള്ളവരായി മാറുന്നു. ഇപ്പോൾ വീണ്ടും ആസുരീയഅവഗുണങ്ങളിൽനിന്നും ദൈവീകഗുണങ്ങളിലേക്ക് പോകണം. സത്യയുഗത്തിലേക്ക് പോകണം. ആർക്ക് ? നിങ്ങൾ കുട്ടികൾക്ക്. നിങ്ങൾ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ് മറ്റുള്ളവരേയും പഠിപ്പിക്കണം. കേവലം ബാബയുടെ സന്ദേശം കൊടുക്കണം. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് തരാൻ വന്നിരിക്കുകയാണ്. ഇപ്പോൾ പരിധിയുള്ള സമ്പത്ത് പൂർത്തിയായി.

ബാബ മനസ്സിലാക്കിത്തരികയാണ് - 5 വികാരങ്ങളാകുന്ന രാവണന്റെ ജയിലിലാണ് എല്ലാ മനുഷ്യരും. എല്ലാവരും ദുഃഖമാണ് അനുഭവിക്കുന്നത്. വെറും ഉണക്കചപ്പാത്തിയാണ് ലഭിക്കുന്നത്. ബാബ വന്ന് എല്ലാവരേയും രാവണന്റെ ജയിലിൽനിന്നും മോചിപ്പിച്ച് സദാ സുഖിയാക്കി മാറ്റുകയാണ്. ബാബയ്ക്കല്ലാതെ മനുഷ്യരെ ദേവതയാക്കി മാറ്റാൻ വേറെ ആർക്കും സാധിക്കില്ല. നിങ്ങൾ ഇവിടെ ഇരിക്കുന്നത്, മനുഷ്യനിൽനിന്നും ദേവതയായി മാറുന്നതിനുവേണ്ടിയാണ്. ഇപ്പോൾ കലിയുഗമാണ്. വളരെയധികം മതങ്ങളാണ്. നിങ്ങൾ കുട്ടികൾക്ക് രചയിതാവിന്റേയും രചനയുടേയും പരിചയം സ്വയം ബാബ പറഞ്ഞുതരികയാണ്. നിങ്ങൾ വെറുതെ ഈശ്വരനെന്നും, പരമാത്മാവെന്നും പറയുക മാത്രം ചെയ്തു. നിങ്ങൾക്ക് അറിയുമായിരുന്നില്ല ബാബ നമുക്ക് പിതാവാണ്, ടീച്ചറാണ് ഗുരു കൂടിയാണ്. ബാബയെ

സദ്ഗുരുവെന്ന് പറയുന്നു. അകാലമൂർത്തിയെന്നും പറയുന്നു. നിങ്ങൾ ആത്മാവിനെ ജീവാത്മാവെന്ന് പറയുന്നു. അകാലമൂർത്തിയായ ബാബ ഈ ദേഹമാകുന്ന സിംഹാസനത്തിലിരിക്കുന്നു. ബാബ ജന്മങ്ങളെടുക്കുന്നില്ല. അകാലമൂർത്തിയായ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - എനിക്ക് എന്റേതായ രഥം ഇല്ല, ഞാൻ നിങ്ങൾ കുട്ടികളെ എങ്ങനെ പാവനമാക്കി മാറ്റും! എനിക്കും രഥം ആവശ്യമല്ലേ. അകാലമൂർത്തിക്കും സിംഹാസനം വേണം. അകാലമായ സിംഹാസനം മനുഷ്യർക്കാണ് ഉള്ളത്, വേറെ ആർക്കും ഇല്ല. നിങ്ങൾ ഓരോരുത്തർക്കും സിംഹാസനം വേണം. അകാലമൂർത്തിയായ ബാബ ഇവിടെയാണ് വസിക്കുന്നത്. ബാബ എല്ലാവർക്കും പിതാവാണ്, മഹാകാലനെന്ന് ബാബയെ പറയുന്നു, ബാബ പുനർജ്ജന്മത്തിലേക്ക് വരുന്നില്ല. നിങ്ങൾ ആത്മാക്കൾ പുനർജ്ജന്മത്തിലേക്ക് വരുന്നുണ്ട്. ഞാൻ വരുന്നത് കൽപത്തിലെ സംഗമയുഗത്തിലേക്കാണ്. ഭക്തിയെ രാത്രിയെന്നും, ജ്ഞാനത്തെ പകലെന്നും പറയുന്നു. ഇത് പക്കായായി ഓർമ്മിക്കൂ. മുഖ്യമായത് 2 കാര്യങ്ങളാണ് - ബാബയും ചക്രവർത്തി പദവിയും. ബാബ വന്ന് ചക്രവർത്തി പദവി നൽകുന്നു. ചക്രവർത്തിയാകാൻ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് ഇത് പാഠശാലയെന്ന് പറയപ്പെടുന്നത്. ഭഗവാനുവാചയാണ്, ഭഗവാൻ നിരാകാരനാണ്. ബാബക്കും പാർട്ട് വേണം. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, എല്ലാവരും ആ ഭഗവാനെത്തന്നെയാണ് ഓർമ്മിക്കുന്നത്. ബാബ പറയുകയാണ് ഭക്തിയിൽ ഈശ്വരനെ ഓർമ്മിക്കാത്തവരായി ഒരു മനുഷ്യരുമുണ്ടാകില്ല . ഹൃദയം കൊണ്ട് എല്ലാവരും വിളിക്കുകയാണ് - അല്ലയോ ഭഗവാൻ, അല്ലയോ മുക്തിദാതാവേ, ഓ ഗോഡ് ഫാദർ. കാരണം ബാബ എല്ലാ ആത്മാക്കളുടേയും പിതാവാണ്, തീർച്ചയായും പരിധിയില്ലാത്ത സുഖമാണ് നൽകുന്നത്. പരിധിയുള്ള പിതാവ് പരിധിയുള്ള സുഖമാണ് നൽകുന്നത്. ഇതാർക്കും അറിയുന്നില്ല. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്, പറയുന്നു - കുട്ടികളേ, മറ്റെല്ലാ സംഗങ്ങളും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കണം. ഇതും ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾ ദേവീദേവതകൾ പുതിയ ലോകത്തിൽ ഇരുന്നവരാണ്. അവിടെ അപാരമായ സുഖമാണ്. സുഖത്തിന് പരിധിയുണ്ടായിരിക്കില്ല. പുതിയ കെട്ടിടത്തിൽ സദാ സുഖമായിരിക്കും, പഴയതിൽ ദുഃഖവും ആയിരിക്കും. അപ്പോഴാണ് ബാബ കുട്ടികൾക്കുവേണ്ടി പുതിയ കെട്ടിടം ഉണ്ടാക്കുന്നത്. കുട്ടികൾക്ക് ബുദ്ധിയോഗം പുതിയ കെട്ടിടത്തിലേക്ക് പോകണം. ഇപ്പോൾ പരിധിയില്ലാത്ത ബാബ പുതിയ ലോകം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പഴയ ലോകത്തിൽ എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം നശിക്കാനുള്ളതാണ്. ഇപ്പോൾ ദേവലോകത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സംഗമയുഗത്തിലാണ്. നിങ്ങൾക്ക് കലിയുഗവും കാണാൻ കഴിയുന്നുണ്ട്, സത്യയുഗവും കാണാൻ കഴിയുന്നുണ്ട്. നിങ്ങൾ സംഗമയുഗത്തിൽ എല്ലാം സാക്ഷിയായി കാണുന്നു. പ്രദർശിനിയിലേക്ക് അഥവാ മ്യൂസിയത്തിലേക്ക് ജിജ്ഞാസുക്കൾ വരുമ്പോൾ അവിടേയും നിങ്ങൾ സംഗമയുഗത്തിൽ അവരെ നിർത്തി പറയൂ, ഒരു ഭാഗം കലിയുഗം, മറുഭാഗം സത്യയുഗം, നമ്മൾ നടുക്ക്. ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. അവിടെ വളരെക്കുറച്ച് മനുഷ്യരേ ഉള്ളു. വേറെ ഒരു മതത്തിലുള്ളവരും വരുന്നില്ല. കേവലം നിങ്ങൾ മാത്രമാണ് ആദ്യമാദ്യം വരുന്നത്. നിങ്ങളിപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. പാവനമായി മാറുന്നതിനുവേണ്ടിയാണ് എന്നെ വിളിച്ചത്. അല്ലയോ ബാബാ, ഞങ്ങളെ പാവനമാക്കി മാറ്റി പാവനലോകത്തിലേക്ക് കൊണ്ടുപോകൂ. ശാന്തിധാമത്തിലേക്ക് കൊണ്ടുപോകൂ എന്നല്ല പറഞ്ഞത്. പരംധാമത്തെ പറയുന്നത് മധുരമായ വീടെന്നാണ്. ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം, ഇതിനെ യാണ് മുക്തിധാമമെന്ന് പറയുന്നത്. ഇതിനുവേണ്ടിയാണ് സന്യാസിമാരും പഠിപ്പിച്ചത്. അവർക്ക് സുഖധാമത്തിന്റെ ജ്ഞാനം കൊടുക്കാൻ സാധിക്കില്ല. അവർ നിവൃത്തിമാർഗ്ഗത്തിലുള്ളവരാണ്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - ആര് ഏത് ധർമ്മത്തിലേക്ക് എപ്പോൾ വരുന്നു. മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ആദ്യത്തെ അടിത്തറ നിങ്ങളാണ്. ബീജത്തെയാണ് പറയുന്നത് വൃക്ഷപതിയെന്ന്. ബാബ പറയുന്നു ഞാൻ വൃക്ഷപതി മുകളിലാണ് വസിക്കുന്നത്. എപ്പോഴാണോ ഈ വൃക്ഷം പൂർണ്ണമായും ജീർണ്ണിക്കുന്നത്, അപ്പോഴാണ് ഞാൻ വരുന്നത്. ദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ. ആൽമരം വളരെ അദ്ഭുതകരമായ വൃക്ഷമാണ്. തടിമരമില്ലാതെ മുഴുവൻ വൃക്ഷവും നിൽക്കുന്നു. ഈ പരിധിയില്ലാത്ത വൃക്ഷത്തിൽ ആദിസനാതന ദേവീദേവതാധർമ്മമില്ല. ബാക്കിയെല്ലാ ധർമ്മങ്ങളും ഉണ്ട്.

നിങ്ങൾ മൂലവതനത്തിൽ വസിച്ചവരായിരുന്നു. ഇവിടെ പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി വന്നവരാണ്. നിങ്ങൾ കുട്ടികൾ ഓൾറൗണ്ട് പാർട്ട് അഭിനയിക്കുന്നവരാണ്. അതുകൊണ്ട് മാക്സിമം 84 ജന്മം. മിനിമം ഒരു ജന്മം. മനുഷ്യർ പറയുന്നത് 84 ലക്ഷം ജന്മത്തെക്കുറിച്ചാണ്. അതും ആർക്കാണുണ്ടാകുന്നത് - ഇത് മനസ്സിലാക്കുന്നില്ല. ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - 84 ജന്മം നിങ്ങളെടുക്കുന്നു. ആദ്യമാദ്യം എന്നിൽനിന്നും വേർപെട്ടവർ നിങ്ങളാണ്. സത്യയുഗത്തിൽ ദേവതകളാണ് ആദ്യം ഉണ്ടാകുന്നത്. എപ്പോഴാണോ ദേവാത്മാക്കൾ ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നത് അപ്പോൾ

ബാക്കി ആത്മാക്കളെല്ലാം എവിടെപ്പോയി? ഇതും നിങ്ങൾക്കറിയാം – ബാക്കി എല്ലാ ആത്മാക്കളും ശാന്തിധാമത്തിലുണ്ടാകും. ശാന്തിധാം വേറെയാണല്ലോ. ലോകം ഇവിടെയാണ്. പാർട്ട് ഇവിടെയാണ് അഭിനയിക്കുന്നത്. പുതിയ ലോകത്തിൽ സുഖത്തിന്റെ പാർട്ട്, പഴയ ലോകത്തിൽ ദുഃഖത്തിന്റെ പാർട്ട് അഭിനയിക്കേണ്ടിവരുന്നു. സുഖദുഃഖത്തിന്റെ കളിയാണിത്. സത്യയുഗം രാമരാജ്യമാണ്. ലോകത്തിൽ ഏതു മനുഷ്യർക്കും അറിയുന്നില്ല സൃഷ്ടിചക്രം എങ്ങിനെയാണ് കറങ്ങുന്നത്. രചയിതാവിനെക്കുറിച്ചോ രചനയുടെ ആദിമധ്യഅന്ത്യത്തെക്കുറിച്ചോ അറിയുന്നില്ല. ജ്ഞാനസാഗരൻ എന്ന് ഒരു ബാബയെയാണ് പറയുന്നത്. രചയിതാവിന്റേയോ രചനയുടെ ആദിമധ്യഅന്ത്യത്തിന്റെയോ ജ്ഞാനം ഒരു ശാസ്ത്രങ്ങളിലുമില്ല. ഞാൻ നിങ്ങൾക്ക് കേൾപ്പിക്കുകയാണ്. പിന്നീട് ഇതിന് പ്രായഃലോപം സംഭവിക്കുന്നു. സത്യയുഗത്തിൽ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. ഭാരതത്തിന്റെ പ്രാചീനമായ സഹജരാജയോഗം എന്ന് മഹിമയുണ്ടല്ലോ. ഗീതയിലാണ് രാജയോഗത്തിന്റെ പേര് വരുന്നത്. ബാബ നിങ്ങളെ രാജയോഗം പഠിപ്പിച്ച് രാജ്യപദവിയുടെ സമ്പത്ത് നൽകുന്നു. ബാക്കി രചനയിൽനിന്നും സമ്പത്ത് ലഭിക്കില്ല. സമ്പത്ത് ലഭിക്കുന്നത് രചയിതാവായ ബാബയിൽനിന്നാണ്. ഓരോ മനുഷ്യരും രചയിതാവാണ്, കുട്ടികളെ രചിക്കുന്നു. അത് പരിധിയുള്ള ബ്രഹ്മാവ്, ഇത് പരിധിയില്ലാത്ത ബ്രഹ്മാവാണ്. ബാബ നിരാകാരനായ ആത്മാക്കളുടെ പിതാവാണ്, പിന്നെ ലൗകിക പിതാവ്, മറ്റൊന്ന് പ്രജാപിതാവ്. പ്രജാപിതാവ് എപ്പോഴാണ് വേണ്ടത്? സത്യയുഗത്തിലാണോ? അല്ല. പുരുഷോത്തമസംഗമയുഗത്തിലാണ് വേണ്ടത്. മനുഷ്യർക്കറിയുന്നില്ല സത്യയുഗം എപ്പോഴാണ് ഉണ്ടാകുന്നത്. മനുഷ്യൻ സത്യയുഗത്തിനും കലിയുഗത്തിനും ലക്ഷക്കണക്കിന് വർഷം കൊടുത്തു. ബാബ മനസ്സിലാക്കിത്തരികയാണ് 1250 വർഷമാണ് ഒരു യുഗം. 84 ജന്മത്തിന്റെ കണക്ക് വേണമല്ലോ. പടികൾക്കും കണക്ക് വേണമല്ലോ – നമ്മൾ എങ്ങിനെയാണ് ഇറങ്ങുന്നത്. ആദ്യത്തെ അടിത്തറ ദേവീദേവതകളാണ്. അതിനുശേഷം വരുന്നവരാണ് ഇസ്ലാം, ബുദ്ധിസ്റ്റുകൾ. ബാബ വൃക്ഷത്തിന്റെ രഹസ്യം പറഞ്ഞുതരികയാണ്. ബാബക്കല്ലാതെ വേറെ ആർക്കും പഠിപ്പിച്ചുതരാൻ സാധിക്കില്ല. നിങ്ങൾ പറയണം ഈ ചിത്രമെല്ലാം എങ്ങിനെ ഉണ്ടാക്കി? ആരു പഠിപ്പിച്ചു? പറയൂ, ബാബ നമുക്ക് ധ്യാനത്തിൽ കാണിച്ചുതന്നു, പിന്നീട് അത് ഞങ്ങൾ ഇവിടെ ഉണ്ടാക്കി. ബാബ ഈ രഥത്തിലേക്ക് വന്ന് ഇങ്ങിനെ ഇങ്ങിനെ ഉണ്ടാക്കൂ എന്ന് തിരുത്തലുകൾ ചെയ്തു . ബാബ സ്വയം തിരുത്തലുകൾ നടത്തി.

കൃഷ്ണനെ ശ്യാമസുന്ദരനെന്ന് പറയും, പക്ഷേ എന്തുകൊണ്ടാണ് പറയുന്നത് എന്ന് മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. വൈകുണ്ഠത്തിന്റെ അധികാരിയായിരുന്നു. വെളുത്ത് സുന്ദരനായിരുന്നു പിന്നീട് കറുത്ത നിറമായി, അതുകൊണ്ടാണ് ശ്യാമസുന്ദരനെന്ന് പറയുന്നത്. ആദ്യം വരുന്നത് കൃഷ്ണനാണ്. ഈ ലക്ഷ്മീ–നാരായണന്റെ രാജധാനിയാണ്. ആദിസനാതന ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ആരാണ് ചെയ്യുന്നത്? ഇതാർക്കും അറിയുന്നില്ല. ഭാരതം എന്ന പേരുപോലും മറന്ന് ഹിന്ദുസ്ഥാനിൽ വസിക്കുന്നവരെ ഹിന്ദുക്കളെന്ന് പറയുന്നു. ഞാൻ ഭാരതത്തിലേക്കാണ് വരുന്നത്. ഭാരതത്തിലാണ് ദേവതകളുടെ രാജ്യം ഉണ്ടാകുന്നത്. അതിനിപ്പോൾ പ്രായഃലോപം സംഭവിച്ചു. അതിന്റെ സ്ഥാപന ചെയ്യാനാണ് ഞാൻ വീണ്ടും വരുന്നത്. ആദ്യമാദ്യം ആദിസനാതനദേവീദേവതാധർമ്മമാണ്. പിന്നീട് ഈ വൃക്ഷം വലുതാകുന്നു. പുതിയ പുതിയ ഇലകൾ – മഠങ്ങളും മാർഗ്ഗങ്ങളും ഉണ്ടാകുന്നു. അതും വൃക്ഷത്തിന്റെ ശോഭയാണ്. പിന്നീട് അന്തിമത്തിൽ എപ്പോഴാണോ മുഴുവൻ വൃക്ഷവും ജീർണ്ണതയിൽ എത്തുന്നത് അപ്പോൾ ഞാൻ വീണ്ടും വരുന്നു. യദാ യദാ ഹി.... ആത്മാവ് തന്നെക്കുറിച്ചും അറിയുന്നില്ല, ബാബയേയും അറിയുന്നില്ല. സ്വയം ആക്ഷേപിക്കുന്നു, ബാബയേയും ദേവതകളേയും ആക്ഷേപിക്കുന്നു. അങ്ങിനെ തമോപ്രധാനവും, ബുദ്ധിശൂന്യരും ആകുമ്പോഴാണ് ഞാൻ വരുന്നത്. പതിതമായ ലോകത്തിലേക്ക് വരേണ്ടിവരുന്നു. നിങ്ങൾ മനുഷ്യർക്ക് ജീവദാനം നൽകാൻ അതായത് മനുഷ്യനെ ദേവതയാക്കി മാറ്റാൻ. പകുതി കൽപ്പത്തേക്ക് എല്ലാ ദുഃഖങ്ങളിൽനിന്നും ദൂരെയാക്കുന്നു. വന്ദേ മാതരം എന്ന് പാടാറില്ലേ. എങ്ങനെയുള്ള അമ്മമാർക്കാണ് വന്ദനം? മുഴുവൻ സൃഷ്ടിയേയും സ്വർഗ്ഗമാക്കി മാറ്റുന്ന നിങ്ങൾ അമ്മമാർക്കുള്ള വന്ദനമാണ്. പുരുഷന്മാരും ഉണ്ട്. എന്നാൽ ഭൂരിപക്ഷം മാതാക്കളാണ്. അതുകൊണ്ടാണ് ബാബ മാതാക്കളുടെ മഹിമ പാടുന്നത്. ബാബ വന്ന് നിങ്ങളെ ഇത്രയും മഹിമക്ക് യോഗ്യരാക്കി മാറ്റുന്നു. ശരി,

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. അപാരമായ സുഖത്തിന്റെ ലോകത്തിലേക്ക് പോകുന്നതിനുവേണ്ടി സംഗമയുഗത്തിൽ നിൽക്കണം. സാക്ഷിയായി എല്ലാം കാണുമ്പോഴും ബുദ്ധിയോഗം പുതിയ ലോകത്തിൽ വെക്കണം. ബുദ്ധിയിലുണ്ടായിരിക്കണം, ഇപ്പോൾ ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

2. എല്ലാവർക്കും ജീവദാനം കൊടുക്കണം. മനുഷ്യനിൽനിന്നും ദേവതയാക്കി മാറ്റാനുള്ള സേവനം ചെയ്യണം. പരിധിയില്ലാത്ത ബാബയിൽനിന്നും പഠിച്ച് മറ്റുള്ളവരെ പഠിപ്പിക്കണം. ദൈവീക ഗുണങ്ങളെ ധാരണ ചെയ്യണം, ചെയ്യിപ്പിക്കണം.

## വരദാനം – സദാ ശ്രേഷ്ഠ സമയമനുസരിച്ച് ശ്രേഷ്ഠ കർമ്മം ചെയ്ത് ആഹാ ആഹാ എന്ന ഗീതം പാടുന്ന ഭാഗ്യശാലി ആത്മാവായി ഭവിയ്ക്കട്ടെ.

ഈ ശ്രേഷ്ഠ സമയത്ത് സദാ ശ്രേഷ്ഠ കർമ്മം ചെയ്ത് ആഹാ ആഹാ എന്ന ഗീതം ഹൃദയത്തിൽ നിന്നും പാടിക്കൊണ്ടിരിക്കൂ. ആഹാ എന്റെ ശ്രേഷ്ഠ കർമ്മം അഥവാ ആഹാ ശ്രേഷ്ഠ കർമ്മം പഠിപ്പിക്കുന്ന ബാബാ.... അപ്പോൾ സദാ ആഹാ പാട്ട് പാടിക്കൊണ്ടിരിക്കൂ. ഒരിക്കലെങ്കിലും തെറ്റായി പോലും ദുഖത്തിന്റെ ദൃശ്യം കാണുമ്പോൾ അയ്യോ എന്ന വാക്ക് വരരുത്. ആഹാ ഡ്രാമ ആഹാ. ആഹാ ബാബാ ആഹാ. സ്വപ്നത്തിൽ പോലും ഉണ്ടാകാത്ത ഭാഗ്യമാണ് വീട്ടിലിരുന്നു കൊണ്ട് തന്നെ ലഭിച്ചത്. ഈ ഭാഗ്യത്തിന്റെ ലഹരിയിലിരിക്കൂ.

## സ്ലോഗൻ – മനസ്സിനെയും ബുദ്ധിയെയും ശക്തിശാലിയാക്കുകയാണെങ്കിൽ ഏതൊരു ഇളക്കത്തിന്റെ പരിതസ്ഥിതിയിലും അചഞ്ചലവും ദൃഢവുമായിരിക്കുവാൻ സാധിക്കും.